# PRESS RELEASE

## ഉപയോഗപ്രദമായ വൈദ്യശാസ്ത്ര, ക്രിസ്ത്യൻ വെബ് സൈറ്റുകൾ

വൈദ്യശാസ്ത്രപരവും അസ്ഥിരോഗസംബന്ധവുമായ വിവരങ്ങൾ എളുപ്പത്തിൽ ശേഖരിക്കാൻ ഉതകുന്ന രണ്ടായിരത്തോളം ലിങ്കുകളും നൂറ്റിയൻപതിൽപരം പേജുകളും ഏകദേശം അഞ്ഞൂറോളം മെഡിക്കൽ ചലനചിത്രങ്ങളും ഉള്ള 'കേരള ഓർത്തോപ്പിടിക്സ് ഇന്റർനാഷണൽ' എന്ന മെഡിക്കൽ വെബ് സൈറ്റ് പൊതുജന പ്രയോജനത്തിനായി ലഭ്യമാണ്. ഇതിന്റെ വെബ് അഡ്രസ് keralaorthopaedicsinternational.tk എന്നതാണ്. ആരോഗ്യ ശാസ്ത്രവിവരങ്ങൾ, രോഗികൾക്കായുള്ള വിവരങ്ങൾ, ലോകാരോഗ്യസംഘടന പോലുള്ള എല്ലാ പ്രമുഖ വൈദ്യ സൈറ്റുകളിലേക്കുമുള്ള ലിങ്കുകൾ എന്നിവയെല്ലാം ഈ വെബ് സൈറ്റിൽ ലഭ്യമാണ്. ഡോക്ടർമാർക്ക് ഗവേഷണത്തിന് സഹായിക്കുന്ന കോഡുകൾ, ഡാറ്റാബേസുകൾ, മെഡിക്കൽ ട്രാസ്ക്രിപ്ഷൻ, സ്കോറുകൾ എന്നിവയും ഇതിലൂടെ ലഭ്യമാണ്. നവീന ശസ്ത്രക്രിയകൾ നെറ്റുവഴി കാണാൻ സൗകര്യപ്പെടുത്തുന്ന വെബ് കാസറ്റുകൾ മെഡിക്കൽസ്ലൈഡ് ഷോകൾ, അപൂർവ്വ രോഗങ്ങൾ, ആയിരത്തഞ്ഞൂറോളം വരുന്ന മെഡിക്കൽ ജേർണലുകൾ, ഫെല്ലോഷിപ്പുകൾ എന്നിവയിലെക്കുള്ള ലിങ്കുകളും ഇതിൽ ലഭ്യമാണ്. വിനോദ സഞ്ചാരികൾക്കുള്ള വിവരങ്ങൾ, ഫോൺ ഡയറക്ടറികൾ, ഓൺ ലൈൻ പത്രങ്ങൾ മുതലായ അനേകം പൊതുവായ ലിങ്കുകളും, ഈ സൈറ്റിൽ കൊടുത്തിരിക്കുന്നു. ഇത് അസ്ഥിരോഗ ഡോക്ടർമാർക്കുള്ള ഒരു ഈമെയിൽ ചർച്ചാ സംഘംകൂടെയാണ്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുമായി ഏകദേശം അഞ്ഞൂറോളം അസ്ഥിരോഗ ഡോക്ടർമാർ ഇതിൽ അംഗങ്ങളാണ്. ഇതിലെ ലിങ്കുകൾ ഉപയോഗപ്പെടുത്താൻ അംഗത്വം എടുക്കേണ്ട ആവശ്യമില്ല.

ഏകദേശം ആയിരത്തോളം ക്രിസ്ത്യൻ ലിങ്കുകളും അഞ്ഞൂറോളം ക്രിസ്ത്യൻ ചലന ചിത്രങ്ങളുമുള്ള ഇൻഡ്യൻ ക്രിസ്ത്യൻ വെബ് സൈറ്റും ഉപയോഗത്തിനായി ലഭ്യമാണ്. ഇതിന്റെ അഡ്രസ് indianchristianlinksandforum.tk എന്നാണ്. ഈ വെബ് സൈറ്റിലൂടെ ഭാരതത്തിലെ മുന്നൂറോളം പ്രധാനപ്പെട്ട ക്രിസ്ത്യൻ സൈറ്റുകളിലേക്ക് പ്രവേശിക്കുവാൻ കഴിയും. വിവിധ ഇൻഡ്യൻ ഭാഷകളിലും ഇംഗ്ലീഷിലുമുള്ള സൗജന്യ കംമ്പ്യൂട്ടർ ബൈബിളുകളും ബൈബിൾ സേർച്ച് സോഫ്റ്റ് വെയറുകളും ശേഖരിക്കുവാൻ സഹായിക്കുന്ന ലിങ്കുകൾ ഇതിലൂടെ ലഭ്യമാണ്. ക്രിസ്ത്യൻ സംഗീതം, ഇന്റർനെറ്റ് റേഡിയോകൾ, ഡയറക്ടറികൾ, ജീവകാരുണ്യ ഫണ്ടുകൾക്ക് അപേക്ഷിക്കാവുന്ന വെബ് സൈറ്റുകൾ, മിഷൻ പ്രവർത്തനങ്ങൾ, മിനിസ്റ്റികൾ എന്നിവയിലേക്കുള്ള ലിങ്കുകളും ഇതിൽ കൊടുത്തിരിക്കുന്നു. ലോകത്തിലെ എല്ലാ പ്രമുഖ ക്രിസ്തീയ വെബ് സൈറ്റുകളിലേക്കും, ഈ വെബ് സൈറ്റിലൂടെ എളുപ്പത്തിൽ പ്രവേശിക്കാവുന്നതാണ്. ഭാരതത്തിൽ ക്രിസ്ത്യൻ പ്രവർത്തനങ്ങളോ സുവിശേഷീകരണമോ നടത്തുന്ന എല്ലാ വിഭാഗങ്ങളിലും, മേഖലകളിലും, തലങ്ങളിലും ഉള്ളവർക്ക് അവരുടെ ദർശനങ്ങൾ ആവശ്യങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ പരസ്പരം അറിയിക്കുവാനും ചർച്ച ചെയ്യുവാനും ഉതകുന്ന, ഈ-മെയിൽ അഡ്രസ് നൽകി അംഗത്വമെടുക്കാവുന്ന ഒരു ക്രിസ്ത്യൻ ഈ മെയിൽ ചർച്ചാ സംഘം കൂടിയാണ് ഈ വെബ് സൈറ്റ്.

മേൽ പറഞ്ഞ വെബ് സൈറ്റുകൾ നിർമ്മിച്ച് മേൽനോട്ടം വഹിക്കുന്നത് ഒരു അസ്ഥിരോഗ വിദഗ്ദനും, സ്പോർട്ട്സ് മെഡിസിൻ 'താക്കോൽ ദ്വാര' സർജനും, കേരളത്തിലെ അസ്ഥിരോഗ വിദഗ്ദരുടെ സംഘടനയുടെ ഐ.ടി. സെക്രട്ടറിയുമായ ഡോ. ജിമ്മി എം.എൽ. ആണ്. കേരള ഓർത്തോപ്പിടിക് അസോസിയേഷൻ വെബ് സൈറ്റുകളായ keralaorthopaedicassociation.tk, keralaorthopaedicassociationchat.tk എന്നിവ നിർമ്മിച്ച് പരിപാലിക്കുന്നതും ഡോ. ജിമ്മി എം.എൽ ആണ്. നാലു വർഷത്തോളം കഠിനപ്രയത്നം ചെയ്ത് ലിങ്കുകൾ ശേഖരിച്ചാണ്, അദ്ദേഹം മേൽപറഞ്ഞ എല്ലാ വെബ് സൈറ്റുകളിലും കൊടുത്തിരിക്കുന്നത്. ഏകദേശം അഞ്ച് ലക്ഷത്തോളം രൂപ സ്വന്തം കൈയ്യിൽ നിന്ന് ചെലവഴിച്ചാണ് അദ്ദേഹം ഈ വെബ് സൈറ്റുകൾ പൊതുപ്രയോജനത്തിനായി നിർമ്മിച്ച് നിലനിർത്തിയിരിക്കുന്നത്. മേൽപറഞ്ഞ വെബ് സൈറ്റുകളിൽ എളുപ്പത്തിൽ പ്രവേശിക്കുന്നതിനും അദ്ദേഹത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാനും doctorjimmy.tk എന്ന വ്യക്തിപര വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്. മുകളിൽ കൊടുത്തിരിക്കുന്ന വെബ് സൈറ്റുകളെക്കുറിച്ചുള്ള സംശയനിവാരണത്തിനായോ, ഈ സേവനത്തിന് സാമ്പത്തിക സഹായം നൽകുന്നതനായോ അദ്ദേഹവുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.